A2 - 1187/24

09.06.2025


ശ്രീ കാടാമ്പുഴ ഭഗവതി ദേവസ്വം
കാടാമ്പുഴ (പി.ഒ), മലപ്പുറം (ജില്ല)
പിൻ : 676553
ഫോൺ : 0494 2615790, 2618000
Email : kadampuzhatemple@gmail.com
Web : www.kadampuzhadevaswom.com


---

## ക്വട്ടേഷൻ

ശ്രീ കാടാമ്പുഴ ഭഗവതി ക്ഷേത്രത്തിൽ മണിയോർഡർ, വഴിപാട് അഡ്വാൻസ്, ഡിമാന്റ് ഡ്രാഫ്റ്റ്, ചെക്ക്, ഓൺലൈൻ എന്നിവ മുഖേന വരുന്ന മുട്ടറുക്കൽ വഴിപാടിന് നാളികേരം ക്ഷേത്രത്തിൽ കൊണ്ട് വന്ന് മുട്ടറുപ്പിച്ച് കൊണ്ടു പോകുന്നതിന് **01.07.2025** മുതൽ **31.12.2025** കൂടി 6 മാസക്കാലത്തേക്കുള്ള അവകാശത്തിന് മുദ്രവെച്ച ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു.

ഒരു നാളികേരം എന്ത് വിലയ്ക്ക് കൊണ്ടു വന്ന് മുട്ടറുപ്പിക്കാം എന്ന തോതിലായിരിക്കും ക്വട്ടേഷൻ. ഹൈന്ദവർക്ക് മാത്രമേ ഈ പ്രവൃത്തി ഏറ്റെടുത്തു നടത്തുവാൻ അവകാശമുണ്ടായിരിക്കുകയുള്ളു. ഓരോ ക്വട്ടേഷനുമൊപ്പം **20,000/ ക** (ഇരുപതിനായിരം രൂപ മാത്രം) നിരതദ്രവ്യം ദേവസ്വത്തിലടച്ചതിനുള്ള അസ്സൽ രശീതി കൂടി അടക്കം ചെയ്യേണ്ടതാണ്. ക്വട്ടേഷനുകൾ **28.06.2025 ന്** രാവിലെ **11** മണി വരെ ദേവസ്വം ഓഫീസിൽ സ്വീകരിക്കുന്നതും അന്നുതന്നെ **ഉച്ചക്ക് 2.30 മണിക്ക്** അപ്പോൾ ഹാജരുള്ള ക്വട്ടേഷൻ തന്നവരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതും ഏറ്റവും ചുരുങ്ങിയ സംഖ്യയ്ക്കുള്ള ക്വട്ടേഷൻ സ്വീകരിക്കുന്നതുമായിരിക്കും. ദേവസ്വത്തിന് ബാദ്ധ്യതകൾ ഒന്നും വരുത്താതെ കരാർ കാലാവധി തൃപ്തികരമായി പൂർത്തീകരിച്ചുവെന്ന് ബോധ്യപ്പെട്ടതിനു ശേഷം മാത്രമെ നിരതദ്രവ്യം തിരിച്ചു നൽകുകയുള്ളു. ക്ഷേത്രം സൂപ്രണ്ടിൽ നിന്നും അപ്പപ്പോൾ ലഭിക്കുന്ന നിർദ്ദേശമനുസരിച്ച് ആവശ്യമുള്ള നാളികേരങ്ങൾ കൊണ്ടു വന്ന് കരാറുകാരൻ മുട്ടറുപ്പിച്ച് കൊണ്ടു പോകേണ്ടതാണ്. ക്വട്ടേഷൻ പ്രകാരം മേൽ പ്രവൃത്തിയുടെ അവകാശം സിദ്ധിച്ചയാൾ സ്വന്തം ചെലവിൽ **200/- ക** യുടെ മുദ്രപത്രത്തിൽ കരാർ എഴുതി എക്സിക്യൂട്ടീവ് ഓഫീസർ മുമ്പാകെ രണ്ടു സാക്ഷികൾ സഹിതം ഒപ്പിട്ട് സമർപ്പിക്കേണ്ടതാണ്. തൃപ്തികരമായി കൊണ്ടു നടത്താത്ത കരാർ റദ്ദാക്കുന്നതും നിരതദ്രവ്യം ദേവസ്വത്തിലേക്ക് മുതൽ കൂട്ടുന്നതും, മറ്റു യുക്തമായ നടപടികൾ സ്വീകരിക്കുന്നതും ആയിരിക്കും.

...2

**IT** വ്യവസ്ഥകൾക്ക് വിധേയമായി ആയതിന്റെ ബില്ലുകൾക്ക് **payment** നടത്തുന്നതായിരിക്കും. ക്വട്ടേഷൻ സ്വീകരിച്ച വ്യക്തിയുടെ ആധാർ നമ്പർ ഹാജരാക്കേണ്ടതാണ്.

യാതൊരു കാരണവും പറയാതെ ക്വട്ടേഷൻ നിരാകരിക്കുവാൻ എക്സിക്യൂട്ടീവ് ഓഫീസർക്ക് പൂർണ്ണാധികാരം ഉണ്ടായിരിക്കുന്നതും അങ്ങിനെയുള്ള അധികാരത്തെ ചോദ്യം ചെയ്യുവാൻ ആർക്കും അധികാരമോ അവകാശമോ ഇല്ലാത്തതുമാകുന്നു.

കരാർ സംബന്ധിച്ച വ്യവഹാരങ്ങൾ, തിരൂർ സബ്ബ് കോടതിയുടെ നിയമാധികാര പരിധിയിൽ മാത്രം വരുന്നതാണ്.

എക്സിക്യൂട്ടീവ് ഓഫീസർ

1) നോട്ടീസ് ബോർഡുകൾ
2) പഞ്ചായത്ത് ഓഫീസ് നോട്ടീസ് ബോർഡ്
3) വില്ലേജ് ഓഫീസ് നോട്ടീസ് ബോർഡ്
4) അധികം
5) ദേവസ്വം വെബ്സൈറ്റ്

Copy received and published on notice board

SECRETARY
MARAKKARA GRAMA PANCHAYATH
(P.O) MARAKKARA-676 553
MALAPPURAM DT.

Copy received & published

12/6/25

VILLAGE OFFICER
MELMURI
KADAMPUZHA P.O
PIN- 676 553